# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 961** **31-01-2024 - ൽ മറുപടിയ്ക്ക്**

## വനംവകുപ്പിലെ താല്ക്കാലിക വാച്ചർമാരുടെ ശമ്പളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ വിവിധ വനം ഡിവിഷനുകളുടെ പരിധിയിൽ തൊഴിലെടുക്കുന്ന താത്ക്കാലിക വാച്ചർമാരുടെ ശമ്പളം മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ; | (എ) | വിവിധ ബഡ്ജറ്റ് ഹെഡുകളിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് അനുവദിക്കുന്ന അടങ്കലുകളുടെ അടിസ്ഥാനത്തിലാണ് ദിവസക്കൂലി വാച്ചർമാരെ നിയോഗിക്കാറുള്ളത്. ഇപ്രകാരം നിയോഗിക്കപ്പെട്ട ദിവസക്കൂലി വാച്ചർമാർക്ക് തെന്മല, തിരുവനന്തപുരം ഡിവിഷനുകളിൽ വേതന കുടിശ്ശിക ഒന്നും തന്നെ ഇല്ല. പുനലൂർ ഡിവിഷനിൽ ഭൂരിഭാഗം ദിവസക്കൂലി വാച്ചർമാർക്കും 2023 നവംബർ, ഡിസംബർ മാസം വരെയുള്ള വേതനം നൽകിയിട്ടുണ്ട്. എ.ബി.ആർ. ബഡ്ജറ്റ് ഹെഡിലെ അടങ്കൽ പ്രകാരം നിയോഗിച്ചിട്ടുള്ള ദിവസക്കൂലി വാച്ചർമാർക്ക് ടി ബഡ്ജറ്റ് ഹെഡിൽ ലഭ്യമായിട്ടുള്ള തുക ഉപയോഗിച്ച് 08/2023 വരെയുള്ള വേതനം നൽകിയിട്ടുണ്ട്. ടി ബഡ്ജറ്റ് ഹെഡിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ള മാസത്തെ വേതനം കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വാച്ചർമാർ 6 ദിവസം നൈറ്റ് ഡ്യൂട്ടി ഉൾപ്പെടെ 24 മണിക്കൂർ ഡ്യൂട്ടിയും മാസത്തിൽ 15 ദിവസം ഡ്യൂട്ടിയും ചെയ്യുന്നുണ്ടെങ്കിലും ഇവർക്ക് 13 ദിവസത്തെ ശമ്പളം മാത്രം നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ അടങ്കലിൽ അനുവദിക്കുന്ന ദിവസങ്ങളിലാണ് വാച്ചർമാരെ നിയോഗിക്കുന്നത്. ഇപ്രകാരം ജോലി ചെയ്യുന്ന ദിവസങ്ങൾ കണക്കാക്കിയാണ് വേതനം നൽകി വരുന്നത്. ജോലി ചെയ്യുന്ന ദിവസങ്ങളിലെ ഹാജർ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയാണ് വേതനം നൽകുന്നത്. |
| (സി) | ഇവർക്ക് ഐ.ഡി കാർഡ്, യൂണിഫോം, ഇൻഷ്വറൻസ്, ക്ഷേമനിധി എന്നിവ ഉണ്ടോ; വിശദമാക്കാമോ? | (സി) | വനം വകുപ്പിലെ താൽക്കാലിക ജീവനക്കാർക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ 5,00,000/- (അഞ്ച് ലക്ഷം രൂപ) രൂപയും, അപകടം മൂലം സ്ഥിര അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ 2,50,000/- (രണ്ടര ലക്ഷം രൂപ) രൂപയും, അപകടവുമായി ബന്ധപ്പെട്ട ചികിത്സാർത്ഥം പരമാവധി 50,000,/- (അമ്പതിനായിരം രൂപ) രൂപയും അനുവദിക്കുന്നതിന് വകുപ്പിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ഐ.ഡി. |

| | | | |
|---|---|---|---|
| | | | കാർഡ്, യൂണിഫോം, ക്ഷേമനിധി എന്നിവ വകുപ്പിൽ നിന്നും അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ